(ജി) ഇല്ല.

(എച്ച്) ഭരണാനുമതി ബന്ധപ്പെട്ട വകുപ്പു നൽകേണ്ടതായിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ വില്ലേജുമാൻ തസ്തികയിലെ ഒഴിവുകൾ**

**18 (1957)** ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ വില്ലേജുമാൻ തസ്തികയിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 45 ഒഴിവുകൾ നികത്താനുണ്ട്.

(ബി) നിലവിലുണ്ട്.

(സി) വകുപ്പുതലവൻ ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് സർക്കാർ തലത്തിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടയവിതരണം**

**19 (1958)** ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് പട്ടയം നൽകിയയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പട്ടയം നൽകുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലേയ്ക്കുള്ള ഭൂമി പതിവ് ചട്ടങ്ങൾ, ലക്ഷംവീട് പദ്ധതി, പുനരധിവാസ ഭവന നിർമ്മാണ പദ്ധതി ഇവ പ്രകാരമുള്ള 6538 പട്ടയങ്ങളും മലയോര കർഷകർക്കുള്ള 6314 പട്ടയങ്ങളും സഹിതം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ 12852 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 521 |
| കൊല്ലം | 773 |
| പത്തനംതിട്ട | 149 |
| ആലപ്പുഴ | 70 |
| കോട്ടയം | 1752 |
| ഇടുക്കി | 4387 |
| എറണാകുളം | 810 |
| തൃശൂർ | 1763 |
| പാലക്കാട് | 27 |
| മലപ്പുറം | 140 |
| കോഴിക്കോട് | 468 |
| വയനാട് | 72 |
| കണ്ണൂർ | 139 |
| കാസർഗോഡ് | 1781 |
| ആകെ | 12852 |

(ബി) തീർപ്പാക്കുവാൻ ബാക്കിയുള്ള അപേക്ഷകൾ പ്രതിമാസ ലക്ഷ്യം നിശ്ചയിച്ച് 31-12-2003-ന് മുൻപ് സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നിയന്ത്രണങ്ങൾ**

**20 (1959)** ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈവശാവകാശ ഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പട്ടയം ലഭിക്കുന്നതിനുള്ള അർഹത എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എത്ര ഹെക്ടർ ഭൂമിക്ക് കൈവശാവകാശക്കാർക്കായി പട്ടയം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;



LIBRARY ARCHIVES Kerala Legislative Assembly